**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 794** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പത്തനംതിട്ട ജില്ലാ നൈപുണ്യവികസന കേന്ദ്രത്തിന്റെ പ്രവർത്തനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന ജില്ലാ നൈപുണ്യവികസനകേന്ദ്രത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിൽ കോന്നിയിലെ എലിയറയ്ക്കൽ എന്ന സ്ഥലത്താണ് ജില്ലാ നൈപുണ്യ വികസന കേന്ദ്രം (District Skill Development Centre-DSDC) പ്രവർത്തിക്കുന്നത്. ഏകദേശം 2,600 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിൽ ക്ലാസ് മുറികളും, കമ്പ്യൂട്ടർ ലാബും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാണ്. 2024 ജൂലൈ മാസത്തിൽ പ്രസ്തുത കേന്ദ്രം ആരംഭിച്ചത് മുതൽ വിദ്യാർഥികൾക്കും തൊഴിൽ അന്വേഷകർക്കും വേണ്ടി വിവിധ ഹ്രസ്വകാല നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ആശയ വിനിമയത്തിനുള്ള ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിനുള്ള "കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്", കമ്പ്യൂട്ടറിന്റെ അടിസ്ഥാന ഉപയോഗവും അറിവും ലഭ്യമാക്കുന്നതിനുള്ള "ബേസിക് കമ്പ്യൂട്ടർ അവെയർനെസ്സ്", ഏണസ്റ്റ് ആൻഡ് യങ്ങുമായി (Ernst & Young EY) സഹകരിച്ച് ബിരുദ ബിരുദാനന്തര വിദ്യാർഥികൾക്ക് "ഫുൾ സ്റ്റാക്ക് ഡെവലപ്പ്മെന്റ് കോഴ്സും" നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**